പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2417 — 01.04.2013 ൽ മറുപടിയ്ക്ക്

## നദീതടവികസന അതോറിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ നദീതടവികസന അതോറിറ്റികളുടെ പ്രവർത്തനം വിശദമാക്കുമോ;<br>(ബി) പ്രസ്തുത അതോറിറ്റികളിലെ നിലവിലുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (എ) & (ബി) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 ഭേദഗതി ചെയ്യാൻ 28/04/2011 ലെ ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ് സംസ്ഥാന ഗവർണർ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഓർഡിനൻസിലെ 10-ാം വകുപ്പ് - 7 C ഉപവകുപ്പിൽ (Sub clause 7 C of clause 10) നദീ ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന നദീതണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി പരാമർശിച്ചിട്ടുണ്ട്.<br>ജല സ്രോതസ്സുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുക, സംസ്ഥാനത്തിനകത്തെ ജല വിനിയോഗം ക്രമീകരിക്കുക, ജല മലിനീകരണം തടയുക, ജല സ്രോതസ്സുകളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള പ്രകൃതി ചൂഷണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ജല സംബന്ധമായ നാശനഷ്ടങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുക എന്നിവ സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.<br>നിയമനിർമ്മാണം നടപ്പിലാക്കാത്തതിനാൽ പ്രസ്തുത ഓർഡിനൻസ് കാലഹരണപ്പെടുകയാണുണ്ടായത്. പമ്പ റിവർ ബേസിൻ അതോറിറ്റി 2009 ൽ നിലവിൽ വന്നു. ശ്രീ. ജി. അനിൽകുമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർക്കാണ് പ്രസ്തുത അതോറിറ്റിയുടെ പ്രോജക്ട് ഡയറക്ടർ ചുമതല സർക്കാർ നൽകിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | നദീതടവികസനത്തിനും സംരക്ഷണത്തിനും 2007 മുതൽ 2013 ഫെബ്രുവരി വരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും പ്രസ്തുത തുക ചെലവഴിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും അറിയിക്കുമോ; | (സി) | 2007 മുതൽ 2013 വരെ പമ്പാ ആക്ഷൻ പ്ലാൻ പ്രകാരം 7.68 കോടി രൂപയാണ് ചെലവാക്കിയിട്ടുള്ളത്. 12 പ്രവൃത്തികൾക്കായി 18.45 കോടി രൂപയാണ് കേന്ദ്ര ഗവ. (MOEF) അംഗീകരിച്ചിട്ടുള്ളത്. 70% കേന്ദ്ര ഫണ്ടിംഗും, 30% സംസ്ഥാന ഫണ്ടിംഗുമായാണ് പ്രവൃത്തികൾ അംഗീകരിച്ചത്.<br>പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി ചുമതലപ്പെടുത്തിയ ഡിപ്പാർട്ടുമെന്റുകളുടെ വിവരങ്ങൾ അനുബന്ധമായി (Annexure I) ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | 2007 മുതൽ 2013 ഫെബ്രുവരി വരെ പ്രസ്തുത ഇനത്തിൽ കോടിക്കണക്കിനു രൂപ അനാവശ്യമായി ചെലവഴിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ; | (ഡി) | അനാവശ്യമായി യാതൊരു ചിലവും വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | നദീതടവികസനത്തിനും സംരക്ഷണത്തിനും ചെലവാക്കുന്ന തുകയുടെ ഓഡിറ്റ് നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പ്രവത്തി നടപ്പിലാക്കുന്ന ഡിപ്പാർട്ടുമെന്റിലെ ആഡിറ്റ് സംവിധാനത്തിൽ ഇതിന്റെ ചിലവുകളുടേയും ആഡിറ്റ് നടപ്പിലാക്കി വരുന്നു. പ്രോജക്ട് ഡയറക്ടർക്ക് പ്രത്യേകമായ ഒരു ഓഫീസ് നിലവിലില്ലാത്തതുമൂലം പ്രവൃത്തികൾ നടപ്പിലാക്കുന്ന ഡിപ്പാർട്ടുമെന്റുകൾ / അതോറിറ്റികളുടെ നിലവിലുള്ള ആഡിറ്റ് സംവിധാനത്തിന് ഈ പ്രവൃത്തികളും വിധേയമാണ്. |

സെക്ഷൻ ഓഫീസർ

Annexure - 1

18.45 കോടി രൂപ അനുവദിച്ചത് 12 പ്രവൃത്തികൾക്കാണ്.

Travancore Devaswam Board

1. സന്നിധാനത്തിൽ 3 MLD സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്
2. പമ്പയിലെ 1.5 MLD സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്
3. പമ്പയിലും സന്നിധാനത്തിലും ഉള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അനുബന്ധ പണികൾ
4. ശബരിമലയിൽ 300 കക്കൂസും പമ്പയിൽ 400 കക്കൂസും 100 കുളിമുറികളും
5. ഖരമാലിന്യ സംസ്കരണം
6. പമ്പയിലും സന്നിധാനത്തിലുമുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അനുബന്ധ പണികൾ
7. ശബരിമലയിലും പമ്പയിലും മൊബൈൽ കക്കൂസുകൾ
8. കുന്നാർതോടിലും ഉരക്കുഴി തീർത്ഥം തോടിലും weir കളുടെ നിർമ്മാണം.

Irrigation Dept.

9, 10, 11 പമ്പയിൽ കുളിക്കടവ്, തടയണകൾ എന്നിവയുടെ നിർമ്മാണം.

Kerala Water Authority

12. പൊതുജന ബോധവൽക്കരണം.